14-03-2007
Vol-1,N0:1

*Kerala Catholic Bishops Council's*

# <u>***Commission for Harmony and Vigilance***</u>

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. യേശുക്രിസ്തുവിന്റെ വിുമൊരു വിവാദചിത്രം.
02. കേരളത്തിൽ മദ്യ ഉപയോഗം ദേശീയ ശരാശരിയുടെ ഇരട്ടി.
03. വിവാദ ലൈംഗീക വിദ്യാഭ്യാസ പദ്ധതി സി. ബി. എസ്. ഇ സ്കൂളിലും.
04. യേശുക്രിസ്തുവിന്റെ കുരിശുമരണത്തെക്കുറിച്ച് തെറ്റായ പ്രചരണം.

01. യേശുക്രിസ്തുവിന്റെ വിുമൊരു വിവാദചിത്രം.

ഡാൻബ്രൗൺ രചിച്ച നോവലായ ഡാവിഞ്ചി കോഡും അതിന്റെ രൂപവും ഉയർത്തിയ വിവാദം കെട്ടടങ്ങും മുമ്പ് യേശുക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ച് വിവാദവെളിപ്പെടുത്തലുകൾ ഉള്ള ഡോക്യുമെന്ററി പുറത്തു വരുന്നു. വിഖ്യാത ഹോളിവുഡ് സംവിധായകൻ ജയിംസ് കാമറൂണാണ് ലോസ്റ്റ് ടോംബ് ഓഫ് ക്രൈസ്റ്റ് എന്ന ഡോക്യുമെന്ററി ചിത്രം നിർമ്മിച്ചിരിക്കുന്നത്. ഇസ്രയേലി വംശജനായ ഡിംചജേക്കൊാബ സിയും ടൈറ്റാനിക്ക് സംവിധായകനായ കാമറൂണും ചേർന്ന് തയ്യാറാക്കിയ ഡോക്യുമെന്ററി അമേരിക്കൻ കേബിൾ ടെലിവിഷൻ സംവിധാനം ചെയ്യും. യേശു മഗ്ദലനമറിയത്തെ വിവാഹം കഴിച്ചിരുന്നെന്നും ജൂദായെന്ന് പേരുള്ള ഒരു പുത്രൻ ഇവർക്കുായിരുന്നെന്നുമാണ് ചിത്രം പറയുന്നത്.

1940-ൽ ജറുസലേമിലെ ടാൽപിയോറ്റിൽ നിർമ്മാണപ്രവർത്തനത്തിടെ, ഒരു കുടുംബ സെമിത്തേരിയിൽ കത്തിെയ ശവകല്ലറയാണ് ഡോക്യുമെന്ററിയിലെ അവകാശവാദങ്ങൾക്ക് അടിസ്ഥാനം. യേശുവിന്റയും മഗ്ദലനയുടെയുടെയും ജൂദായുടെയുമാണ് ചുണ്ണാമ്പുകല്ലു പാളികൾ കൊുാക്കിയ ആ ശവ കല്ലറയെന്ന്, അതിന്റെ പുറത്ത് കത്തിെയ പേരുകളുടെയും ഡി. എൻ. എ തെളിവുകളുടെയും വെളിച്ചത്തിൽ ഡോക്യുമെന്ററി നിർമാതാക്കൾ അവകാശപ്പെടുന്നു.

എന്നാൽ, ഡോക്യുമെന്ററിയിലെ കത്തെലുകളെ അമേരിക്കയിലെ കത്തോലിക്കാനേതാക്കൾ തളളിക്കളഞ്ഞു. ഇസ്രയേലി പുരാവസ്തു ഗവേഷകനായ ആമോസ് ക്ലാനെറെ പോലുള്ള വിദഗ്ദരും ഈ അവകാശത്തെ ചോദ്യം ചെയ്തു. ഒന്നാം നൂറ്റാിൽ ഇസ്രയേൽ മേഖലയിലെ സർവസാധാരണമായ പേരുകളായിരുന്നു യേശു, മറിയം, ജൂദാ തുടങ്ങിയവയെന്നും ആ പേരുകൾ കതുകൊ്, ശവകല്ലറ യേശുക്രിസ്തുവിന്റെതാണെന്ന് പറയാൻ കഴിയില്ലെന്നും ആമോസ് വാദിക്കുന്നു.

02. കേരളത്തിൽ മദ്യ ഉപയോഗം ദേശീയ ശരാശരിയുടെ ഇരട്ടി.

മദ്യത്തിന്റെ ഉപയോഗം കേരളത്തിൽ ദേശീയ ശരാശരിയേക്കാൾ നേരെ ഇരട്ടിയാണെന്ന് 2006-ലെ സാമ്പത്തിക സർവ്വെ വെളിപ്പെടുത്തുന്നു. കഴിഞ്ഞ 20 വർഷത്തിനിടയിൽ ഇന്ത്യയുടെ ജനസംഖ്യയിൽ 15 മുതൽ 20 ശതമാനം പേർ മദ്യപാനികളാണ്. ദേശീയ ശരാശരി വരുമാനമനുസരിച്ച് ഇന്ത്യയിലെ ഒരാൾ നാലു ലിറ്റർ മദ്യം ഉപയോഗിക്കുമ്പോൾ കേരളത്തിൽ 8.3 ലിറ്റർ ആണ് ഒരാൾ ഉപയോഗിക്കുന്നത്. ദേശീയ ശരാശരിയുടെ നേരെ ഇരട്ടി എന്നർത്ഥം. പഞ്ചാബിലേത് 7.9 ലിറ്ററാണ്. കേരളത്തിൽ 15 ശതമാനം പേർ മദ്യപാനികളാണ്. ചെറുപ്പക്കാർക്കിടയിൽ കഴിഞ്ഞ 20 വർഷത്തിനിടയിൽ മദ്യത്തിന്റെ ഉപയോഗം കൂടിയിട്ടുമു്. മദ്യപാനികളായ ചെറുപ്പക്കാരുടെ പ്രായത്തിലും ഭയാനകമായ വ്യത്യാസങ്ങൾ ഉായിട്ടു്. 1986-ൽ 19 വയസ്സുള്ള

ചെറുപ്പക്കാരായിരുന്നു സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ മദ്യപാനികർ. 1990–ൽ 17 കാരും 1994–ൽ അത് 14 വയസ്സുകാരിലേക്കും വ്യാപിച്ചതായി കാണുന്നു.

കേരളത്തിലെ മാദ്യപാനികളിൽ ഏറ്റവും കൂടുതൽ ഉള്ളത് 21–നും 40–നും ഇടയ്ക്ക് പ്രായമുള്ളവരാണ് ഏറ്റവും കൂടുതൽ ആത്മഹത്യ ചെയ്യുന്നതും. റോഡ് അപകടങ്ങളിൽ 40 ശതമാനവും മദ്യപാനം കൊാണെന്ന് തെളിഞ്ഞിട്ടു്. ദേശീയ പാതയിലെ റോഡപകടങ്ങള്സ 72 ശതമാ4നവും മദ്യപാനം നിമിത്തമാണ്. മദ്യപാനം നിമിത്തം ഗാർഹികപീഡനവും വർദ്ധിക്കുന്നതായി ചൂിക്കാണിക്കുന്നു.

03. വിവാദ ലൈംഗീക വിദ്യാഭ്യാസ പദ്ധതി സി. ബി. എസ്. ഇ സ്കൂളിലും.

സംസ്ഥാന സർക്കാർ നിർത്തിവെച്ച വിവാദ ലൈംഗീക വിദ്യാഭ്യാസ പദ്ധതിക്ക് സമാനമായ ഒന്നാണ് സി. ബി. എസ്. ഇ സ്കൂളിലൂടെ നടപ്പാക്കാൻ കേന്ദ്രസർക്കാർ നീങ്ങുന്നത്. കൗമാര വിദ്യാഭ്യാസ പദ്ധതി ( അഡോള സെന്റ് എഡ്യൂക്കേഷൻ പ്രോഗ്രാം. എ. ഇ. പി ) എന്ന പേരിൽ 2007 ജൂൺ മുതൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. യുനെസ്കോ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. 6–ാം ക്ലാസ്സു മുതൽ 11–ാം ക്ലാസ്സു വരെയുള്ളവർക്കാണ് ഈ പാഠ്യ പദ്ധതി. ഇതിലേക്കായി രാജ്യത്താകമാനമുള്ള ആയിരക്കണക്കിന് സി. ബി. എസ്. ഇ സ്കൂൾ അധ്യാപകർക്ക് പരീശിലനം നൽകി കഴിഞ്ഞു. പ്രത്യുല്പാദനാവയവങ്ങളെ കുറിച്ചുള്ള വിവരണം തുടങ്ങി ഗർഭ നിരോദന ഉറകളുടെ ഉപയോഗരീതി, സുരക്ഷിത ലൈംഗീകരീതി, സുരക്ഷിത ലൈംഗീകതയുമായി ബന്ധപ്പെട്ട വിവരങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിരക്കുന്നു. ആധുനിക സങ്കേതിക വിദ്യയുടെ സഹായത്തോടെ ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളുപയോഗിച്ചുള്ള ബോധനരീതി ഇതിൽ അവലംബിച്ചിരിക്കുന്നു. വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച്, മാതൃക നാടകങ്ങലും പാഠ്യപദ്ധതിയുടെ ഭാഗമാണ്. എയ്ഡ്സ് ഉൾപ്പെടെയുള്ള ലൈംഗീക രോഗങ്ങൾ പടരുന്നത് തടയുക എന്ന ലക്ഷ്യത്തോടെ പാഠ്യ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ലൈംഗീകതയെക്കുറിച്ചുള്ള മിഥ്യാധാരണകൾ ഒഴിവാക്കാനും പദ്ധതി നടപ്പാക്കുന്നു.

04. യേശുക്രിസ്തുവിന്റെ കുരിശുമരണത്തെക്കുറിച്ച് തെറ്റായ പ്രചരണം.

സയ്യിദി മുഹമ്മദ് അന്ടസാർ ഹുസൈൻ എന്ന ബർമക്കാരൻ യേശു മരിച്ചത് കാശ്മീരിൽ എന്ന തന്റെ പുസ്തകത്തിലാണ് യേശുവിന്റെ കുരിശുമരണത്തെക്കുറിച്ച് തെറ്റായ പ്രചരണം നടത്തിയിരിക്കുന്നത്. ക്രൂശിൽ മരിക്കാതെ രക്ഷപ്പെട്ട യേശു ഇറാൻ, അഫ്ഘാനിസ്ഥാൻ വഴി കാശ്മീരിൽ എത്തുകയും ചെയ്തു. ശ്രീനഗറിലെ ഖാൻയാർ തെരുവിൽ സ്ഥിതി ചെയ്യുന്ന യേശുവിന്റെ കല്ലറ ഈ ചരിത്ര തെളിവുകളും ഈ മഹാസത്യത്തെ വെളിപ്പെടുത്തുന്നു. ലോകം മുഴുവനിലുള്ള നാനാജാതി മതസ്ഥരും ഒരേ പോലെ അംഗീകരിക്കുന്ന ചരിത്രസത്യം–ദൈവപുത്രനായ യേശു ക്രിസ്തുവിന്റെ മനുഷ്യാവതാരവും കുരുശുമരണവും പുനരുത്ഥാനവും –നിഷേധിക്കുന്ന ഒരു കൂട്ടരുടെ കള്ളപ്രചരണം കേരളത്തിൽ അവിടവിടെയായി വിം നടക്കുകയാണ്. ദൈവവചനം പ്രഘോഷിക്കപ്പെടുന്ന സ്ഥലങ്ങളിലും ക്രൈസ്തവകേന്ദ്രങ്ങളിലുമൊക്കെ പോസ്റ്ററുകളായും ലഘുരേഖകളായും പ്രചരിക്കുന്നു. ഇക്കൂട്ടരുടെ തുറുപ്പുശീട്ടാണ് യേശു മരിച്ചത് കാശ്മീരിൽ എന്ന പുസ്തകം. എന്നാൽ ഇത് എഴുതിയ മുജാഹിദ്ദീൻ തീവ്രവാദി, സയ്യിദി മുഹമ്മദ് അൻസാർ ഹുസൈൻ എന്ന ബർമക്കാരൻ ഇന്ന് ആഗ്ലിക്കൻ സഭയിലെ മെത്രാപ്പോലിത്തയാണ് –ആർച്ച് ബിഷപ്പ് ജോനാഥൻ അൻസാർ ! ലോകത്തിനു ലഭിച്ച മഹത്തായ ഈ സാക്ഷ്യവും മറച്ചുവെച്ചു കൊ് ക്രിസ്തുവൈരികളുടെ കള്ളപ്രചരണം ഇന്നും തുടരുകയാണ്.